ടെലഫോൺ:2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

നമ്പർ.0151/എ2-എസ്റ്റാ/2019/എൻ.സി.സി 31 ഡിസംബർ 2020

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും,
യൂണിറ്റുകൾക്കും

സർ,

**വിഷയം: എൻ.സി.സി വകുപ്പിലെ എൽ.ഡി.സി/എൽ.ഡി.റ്റി തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തിക മാറ്റം അനുവദിക്കുന്നത് - സംബന്ധിച്ച്.**

സൂചന: (1) ജി.ഒ (പി) നമ്പർ.01/2014/ഉ.ഭ.പ.വ തീയതി 03.01.2014.

(2) 10.12.2020-ലെ എ2/188/2020/ഉവിവ നമ്പർ സർക്കാർ കത്ത്.

(3) ജി.ഒ(പി) 21/2014/ഉഭപ തീയതി 19.07.2014.

(4) ജി.ഒ(പി) നമ്പർ 19/2015/പി&എ.ആർ.ഡി തീയതി 20.06.2015.

(5) 10.12.2020-ലെ എ2/188/2020/ഉവിവ നമ്പർ സർക്കാർ കത്ത്.

(6) ഈ ഓഫീസിലെ 21 ഡിസംബർ 2020 ലെ ഇതേ നമ്പർ ഉത്തരവ്.

1. സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1)ലെ സർക്കാർ ഉത്തരവിൻ പ്രകാരം വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.സി/എൽ.ഡി.റ്റി തസ്തികകളിലേക്ക് അതത് വകുപ്പുകളിലെ ക്ലാസ് IV/സബോർഡിനേറ്റ് ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും, ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും, സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ.ഡി.സി/എൽ.ഡി.റ്റി തസ്തികകളുടെ ശമ്പളത്തെക്കാൾ താഴ്ന്ന ശമ്പള സ്കെയിലുള്ളവർ) തസ്തികമാറ്റം വഴി അതതു വകുപ്പുകളിലെ എൽ.ഡി ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ 10% ഒഴിവുകളിലേക്ക് യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തിക്മാറ്റം അനുവദിച്ച് നൽകുന്നതിന് വ്യവസ്ഥകളോടെ ഉത്തരവായിരുന്നു. എല്ലാ നിയമനാധികാരികളും അതെ വകുപ്പിലെ ജില്ലാതലത്തിലുള്ള എൽ.ഡി.സി/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലെ cadre strength നിജപ്പെടുത്തി ഉത്തരവായതിനു ശേഷം മാത്രമേ സൂചന (1) ലെ ഉത്തരവിലെ വ്യവസ്ഥകൾ നടപ്പിലാക്കുവാൻ പാടുള്ളു എന്ന ഉത്തരവായിരുന്നു. ആയതനുസരിച്ച് ഈ വകുപ്പിൽ എൽ.ഡി ക്ലാർക്ക് തസ്തികകളുടെയും എൽ.ഡി.റ്റി തസ്തികകളുടെയും cadre strength നിജപ്പെടുത്തി താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചു എങ്കിലും പ്രസ്തുത ഉത്തരവ് പ്രകാരം എല്ലാ ജില്ലകളിലും മതിയായ അംഗബലം ഇല്ലാത്തതിനാൽ 10%, താഴ്ന്ന ശമ്പളമുള്ള ജീവനക്കാർക്ക് മാറ്റിവയ്ക്കാൻ കഴിഞ്ഞിരുന്നില്ല. അതിനാൽ എൻ.സി.സി വകുപ്പിൽ സൂചന 1 മുതൽ 4 വരെയുള്ള ഉത്തരവുകളിൽ വിശദമാക്കിയിട്ടുള്ള പ്രകാരം നടപടി സ്വീകരിക്കണമെന്ന് സൂചന 5 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

2. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (4) ലെ സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 3 (ii) (iii) വ്യവസ്ഥ ചെയ്ത പ്രകാരം എൽ.ഡി ക്ലാർക്ക് തസ്തികയ്ക്ക് മേഖലാ അടിസ്ഥാനത്തിലും, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയ്ക്ക് സംസ്ഥാനതല അടിസ്ഥാനത്തിലും cadre strengthനിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഈ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിൽ നിന്നും ക്ലാസ്സ് IV/സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടെ ജീവനക്കാർക്കും, ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽപ്പെട്ട ജീവനക്കാർക്കും (എൽ.ഡി.സി/എൽ.ഡി.റ്റി തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന സ്കെയിലുള്ളവർ) ചുവടെ കൊടുത്തിരിക്കുന്ന യോഗ്യതകളുടെ അടിസ്ഥാനത്തിൽ അപേക്ഷിക്കാവുന്നതാണ്.

**<u>യോഗ്യതകൾ</u>** :- എൽ.ഡി.സി

1. അപേക്ഷകർ എസ്.എസ്.എൽ.സിയോ തത്തുല്യ യോഗ്യതയോ നേടിയിരിക്കണം.
2. തസ്തികമാറ്റം ലഭിക്കാൻ അർഹരായ ജീവനക്കാർക്ക് താഴ്ന്ന തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചിരിക്കണം.
3. ടി ജീവനക്കാർ താഴ്ന്ന തസ്തികയിൽ/തസ്തികകളിൽ 3 വർഷം സേവനം പൂർത്തീകരിച്ചിരിക്കണം.

<u>യോഗ്യതകൾ</u>: എൽ.ഡി.ടൈപ്പിസ്റ്റ്

1. അപേക്ഷകർ എസ്.എസ്.എൽ.സിയോ തത്തുല്യ യോഗ്യതയോ നേടിയിരിക്കണം.
2. കെ.ജി.റ്റി.ഇ യുടെ ടൈപ്പ്റൈറ്റിംഗ് ലോവർ സർട്ടിഫിക്കറ്റ്, കംപ്യൂട്ടർ വേഡ് പ്രോസസ്സിംഗ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യയോഗ്യത.
3. ജനുവരി 2002 മുൻപ് കെ.ജി.റ്റി.ഇയുടെ ടൈപ്പ്റൈറ്റിംഗ് ലോവർ സർട്ടിഫിക്കറ്റ് ഉള്ളവർ കംപ്യൂട്ടർ വേർഡ് പ്രോസ്സസിംഗോ തത്തുല്യ യോഗ്യതയോ നേടിയിരിക്കണം.
4. അല്ലെങ്കിൽ മിലിട്ടറിയിൽ 15 വർഷത്തിൽ കുറയാത്ത സേവനമുള്ള ക്ലാർക്കുമാർ.
5. തസ്തികമാറ്റം ലഭിക്കാൻ അർഹരായ ജീവനക്കാർക്ക് താഴ്ന്ന തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചിരിക്കണം.
6. ടി ജീവനക്കാർക്ക് താഴ്ന്ന തസ്തികയിൽ/തസ്തികകളിൽ 3 വർഷം സേവനം പൂർത്തീകരിച്ചിരിക്കണം.

..3/-

3. എല്ലാ ഓഫീസുകളിലും ജീവനക്കാരുടെ അപേക്ഷകൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്ന പ്രൊഫോർമയിൽ തയ്യാറാക്കേണ്ടതും വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഓഫീസ് തലവൻ പരിശോധിച്ച് ഉറപ്പു വരുത്തി സാക്ഷ്യപ്പെടുത്തി സർട്ടിഫിക്കറ്റിന്റെ പകർപ്പോടു കൂടി ബന്ധപ്പെട്ട ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ സമർപ്പിക്കേണ്ടതുമാണ്. ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമിക്കപ്പെട്ടവരുടെ സീനിയോരിറ്റിയും, നിയമനാർഹതയും അവരുടെ ഓപ്റ്റഡ് ജില്ലയിലായിരിക്കും. തസ്തികമാറ്റം ലഭിക്കുന്നവരുടെ കാര്യത്തിൽ അവർക്ക് നിയമനം ലഭിക്കുന്ന ജില്ല അവർ തിരഞ്ഞെടുക്കുന്ന ജില്ലയായി കണക്കാക്കുന്നതും, ടി ജില്ലയിൽ നിന്നുള്ള സ്ഥലംമാറ്റങ്ങൾക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾ പ്രകാരം മാത്രമായിരിക്കും. എൻ.സി.സി വകുപ്പിൽ ജില്ലാതല ആഫീസുകൾ ഇല്ലാത്തതിനാൽ എൽ.ഡി.സി തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിനായി മേഖലാ ആഫീസുകളുടെ പരിധിയിലുള്ള ജില്ലകളിലെ ഫീഡർ കാറ്റഗറികളുടെ സംയോജിത സിനിയോരിറ്റി ആണ് കണക്കാക്കുന്നത്. എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള മാറ്റനിയമനത്തിന് സംസ്ഥാന തലത്തിലുള്ള ഫീഡർ കാറ്റഗറികളുടെ സംയോജിത സീനിയോരിറ്റിയുമാണ് കണക്കാക്കുന്നത്.

4. എൽ.ഡി ക്ലാർക്ക് തസ്തികയ്ക്കും, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയ്ക്കും പ്രത്യേകമായി സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനാൽ അപേക്ഷകളും പ്രത്യേകമായി തന്നെ അയക്കേണ്ടതാണ്. എല്ലാ യൂണിറ്റുകളും യോഗ്യരായ ജീവനക്കാരുടെ വിവരങ്ങൾ (സർട്ടിഫിക്കറ്റിന്റെ പകർപ്പും, പ്രൊഫോർമ സഹിതം) 15 ജനുവരി 2021 തീയതിക്കകം അതത് ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകളിൽ ലഭ്യമാക്കേണ്ടതാണ്. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾ, താങ്കളുടെ ജീവനക്കാരന്റെ അപേക്ഷകളും, യൂണിറ്റിന്റെ അപേക്ഷകളും ഉൾപ്പെടെ 22 ജനുവരി 2021 തീയതിക്കകം ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. അവസാന തീയതി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുകയില്ല എന്ന് കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ

NCC DIRECTORATE
STATE WING
Thiruvananthapuram -10
KERALA & LAKSHADWEEP

(കെ അനിൽകുമാർ)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

ഉള്ളടക്കം : മേൽ സൂചിപ്പിച്ച പോലെ

<u>പകർപ്പ്</u> :

ഓഫീസ് വെബ് സൈറ്റ്

| | | |
|---|---|---|
| എ4 സെക്ഷൻ | - | ഡയറക്ടറേറ്റിലെ ജീവനക്കാരുടെ അപേക്ഷകൾ തയ്യാറാക്കി ഐ.ഒ.എൻ സഹിതം ബന്ധപ്പെട്ട സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്. |
| എ2-III സെക്ഷൻ. | - | അറിവിലേക്കും അനന്തര നടപടികൾക്കും |

**

**<u>ജി.ഒ (പി) നം.01/2014 ഉ.ഭ.പ.വ തീയതി 03.01.2014 പ്രകാരം</u>**
**<u>എൽ.ഡി.സി/എൽ.ഡി.റ്റി തസ്തിക മാറ്റം ആഗ്രഹിക്കുന്ന എൽ.ജി.എസ്</u>**
**<u>ജീവനക്കാരുടെ (സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം</u>**
**<u>ജീവനക്കാരുടെ ഉൾപ്പെടെ)വിവരങ്ങൾ</u>**

ഓഫീസ് :

| Sl.No | Name and Desig | Date of joining duty | Whether completed 03 years of service in the existing post & Date of completion of 3 years | Date of declaration of probation | Edn.Quali fication | Whether category changed. If yes details |
|---|---|---|---|---|---|---|
| | | | | | | |

NCC DIRECTORATE
STATE WING
Thiruvananthapuram -10
KERALA & LAKSHADWEEP

Signature of Head of Office

<u>Counter signed</u>

Group Commander